DESPATCHED On..22/2/2020

21/01/2020

# സംസ്ഥാന വിവരാവകാശ കമ്മീഷൻ, കേരളം

പുന്നൻ റോഡ്, തിരുവനന്തപുരം 695 001
Tel: 0471- 2561631, 2561615, Fax: 0471-2330920
Email:- sic.ker@nic.in

**ഹർജി നമ്പർ AP.No. 2165(5)/16/SIC**

**തീർപ്പ് കൽപ്പിച്ചു കൊണ്ടുള്ള നടപടിക്രമം**

**File No. 14901/SIC-G7/2016**

**സന്നിഹിത**
**ശ്രീമതി ശ്രീലത പി.ആർ., സംസ്ഥാന വിവരാവകാശ കമ്മീഷണർ**

**ശ്രീ. ശാസ്താംകോട്ട മണി,**
**ചിന്നുഭവൻ,**
**ശാസ്താംകോട്ട പി.ഒ.,**
**മനക്കര, പുന്നക്കാട്,**
**കൊല്ലം – 690 521.** } **അപ്പീൽ ഹർജിക്കാരൻ**

**സ്റ്റേറ്റ് പബ്ലിക് ഇൻഫർമേഷൻ ഓഫീസർ,**
**ഹുസൂർ ശിരസ്തദാർ,**
**കളക്ടറേറ്റ്, പത്തനംതിട്ട.**

**അപ്പീൽ അധികാരി &**
**ഡെപ്യൂട്ടി കളക്ടർ (ജനറൽ),**
**കളക്ടറേറ്റ്, പത്തനംതിട്ട.** } **എതിർകക്ഷികൾ**

## ഉത്തരവ്

| | |
|---|---|
| 6(1) അപേക്ഷ തീയതി | 05.07.2016 |
| പബ്ലിക് ഇൻഫർമേഷൻ ഓഫീസറുടെ മറുപടി | 25.07.2016 |
| ഒന്നാം അപ്പീൽ | 12.08.2016 |
| അപ്പീൽ അധികാരിയുടെ തീരുമാനം | 25.08.2016 |
| രണ്ടാം അപ്പീൽ | 24.11.2016 |
| ഹിയറിംഗ് തീയതി, സ്ഥലം | 07.05.2019, കളക്ടറേറ്റ് കോൺഫറൻസ് ഹാൾ, കോട്ടയം |
| എതിർകക്ഷി<br><br>അപ്പീൽ ഹർജിക്കാരൻ | ഹാജരായിരുന്നു<br><br>ഹാജരായിരുന്നു |

1. അപ്പീൽ ഹർജിക്കാരൻ സ്റ്റേറ്റ് പബ്ലിക് ഇൻഫർമേഷൻ ഓഫീസറോട് വിവരാവകാശ നിയമപ്രകാരമുള്ള അപേക്ഷയിലൂടെ ആവശ്യപ്പെട്ടത്, 13.07.2013 ൽ പത്തനംതിട്ട ജില്ലാ കളക്ടർക്ക് പി.ജി.ആർ.സി. 2975/13 പ്രകാരം സമർപ്പിച്ച അപേക്ഷയുടെ പകർപ്പ്, ടി അപേക്ഷയിന്മേൽ സ്വീകരിച്ച നടപടി വിവരം എന്നിവയാണ്.

2. പ്രസ്തുത വിവരാവകാശ അപേക്ഷയ്ക്ക് ഒന്നാം എതിർകക്ഷി നൽകിയ മറുപടി തൃപ്തികരമല്ലാത്തതിനാൽ ടിയാൻ ഒന്നാം അപ്പീൽ സമർപ്പിച്ചു. മേപ്പടി വിവരാവകാശ അപേക്ഷയ്ക്ക് ഒന്നാം അപ്പീൽ അധികാരിയിൽ നിന്ന് വിവരം ലഭ്യമാകാത്തതിനെ തുടർന്ന് പൂർണ്ണമായ വിവരം ലഭ്യമാക്കണമെന്ന് ആവശ്യപ്പെട്ടുകൊണ്ടാണ് കമ്മീഷൻ മുമ്പാകെ രണ്ടാം അപ്പീൽ സമർപ്പിച്ചത്.

3. അപ്പീൽ ഫയലിൽ സ്വീകരിച്ച കമ്മീഷൻ 19.12.2016 തീയതി രണ്ടാം എതിർകക്ഷിയോട് റിപ്പോർട്ട് ആവശ്യപ്പെട്ടു. 05.01.2017 തീയതി അപ്പീൽ അധികാരി സമർപ്പിച്ച റിപ്പോർട്ടിൽ അറിയിക്കുന്നത്, 15.07.2013 ൽ പി.ജി.ആർ. സെൽ 2975/13 നമ്പരായി സമർപ്പിച്ച അപേക്ഷയുടെ പകർപ്പ് ലഭിക്കുന്നതിന് 05.07.2016 ന് അപേക്ഷ സമർപ്പിക്കുകയും ഫീസ് ഒടുക്കുവാൻ നിർദ്ദേശം 13.07.2016 ന് നൽകുകയും ഉണ്ടായി. ഫീസ് ഒടുക്കിയതിനെ തുടർന്ന് 25.07.2016 ൽ അപേക്ഷയുടെ പകർപ്പുകൾ ലഭ്യമാക്കി എന്നുമാണ്. കൂടാതെ 15.07.2013 ൽ സമർപ്പിച്ച പ്രസ്തുത പരാതിയിൽ നടപടി സ്വീകരിക്കുന്നതിനായി 16.07.2013 ൽ കോഴഞ്ചേരി തഹസിൽദാർക്ക് അയച്ച് നൽകി എന്നും, മേപ്പടി അപേക്ഷയിൽ പറഞ്ഞിരിക്കുന്ന കാര്യം വ്യാജമാണെന്ന് കോഴഞ്ചേരി തഹസിൽദാർ റിപ്പോർട്ട് സമർപ്പിച്ചതിൻ പ്രകാരം പ്രസ്തുത വിവരം 03.03.2015 ൽ ഹർജിക്കാരനെ അറിയിച്ചിട്ടുണ്ട് എന്നും അറിയിക്കുന്നുണ്ട്.

4. തുടർന്ന് കമ്മീഷൻ ഇരുകക്ഷികളേയും നേരിൽ കേൾക്കാൻ നിശ്ചയിച്ചു. നേർവിചാരണയ്ക്ക് ഹാജരായ അപ്പീൽ ഹർജിക്കാരൻ കമ്മീഷൻ മുമ്പാകെ മൊഴി നൽകിയത്, പൂർണ്ണമായ വിവരം ലഭ്യമായിട്ടില്ല എന്നാണ്. നേർവിചാരണയിൽ ഹാജരായ എസ്.പി.ഐ.ഒ. മൊഴി നൽകിയത്, അപ്പീൽ ഹർജിക്കാരൻ ആവശ്യപ്പെട്ട വിവരം ഓഫീസിൽ ലഭ്യമായിരുന്നു എന്നും പ്രസ്തുത വിവരം ടിയാന് നൽകിയിട്ടുണ്ട് എന്നും, ആയതിനാൽ തുടർ നടപടികൾ അവസാനിപ്പിക്കണം എന്നുമാണ്.

5. അപ്പീൽ ഹർജിയും മറ്റ് അനുബന്ധ രേഖകളും പരിശോധിക്കുമ്പോൾ, അപ്പീൽ ഹർജിക്കാരന്റെ വിവരാവകാശ അപേക്ഷയ്ക്ക് വിവരം നൽകിയിട്ടുണ്ട് എന്ന് കമ്മീഷന് ബോദ്ധ്യപ്പെട്ടു. എന്നിരുന്നാലും പരാതി ഇപ്പോഴും നിലനിൽക്കുന്ന സാഹചര്യത്തിൽ ഈ ഉത്തരവ് കിട്ടി 15 ദിവസത്തിനുള്ളിൽ 2013 ലെ അപേക്ഷയുമായി ബന്ധപ്പെട്ട വിവരം ഒരിക്കൽ കൂടി മറുപടി നൽകേണ്ടതാണെന്ന് ഒന്നാം എതിർകക്ഷിക്ക് നിർദ്ദേശം നൽകുന്നു. കമ്മീഷൻ നിർദ്ദേശം നടപ്പിലാക്കി രേഖാമൂലം കമ്മീഷനെ അറിയിക്കേണ്ടതുമാണ്. ഇപ്രകാരം ഈ അപ്പീൽ ഹർജി **ഇന്നേദിവസം 2020 ജനുവരി മാസം 31 –ാം തീയതി തീർപ്പാക്കി ഉത്തരവാകുന്നു.**

(ഒപ്പ്)
ശ്രീലത. പി. ആർ.
സംസ്ഥാന വിവരാവകാശ കമ്മീഷണർ

STATE INFORMATION COMMISSION
KERALA, THIRUVANANTHAPURAM

**സാക്ഷ്യപ്പെടുത്തിയ പകർപ്പ്**

**കമ്മീഷൻ സെക്രട്ടറി**

RIGHT TO INFORMAT